**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 393** **16-09-2025 - ൽ മറുപടിയ്ക്ക്**

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭൂമി കൈമാറ്റവും നടപടിക്രമങ്ങളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും മറ്റുവകുപ്പുകളും തമ്മിൽ ഭൂമി പരസ്പരം കൈമാറ്റുന്നതിനു വ്യവസ്ഥയുണ്ടോ; എങ്കിൽ ആയതിന്റെ നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | 2005-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങൾ -2000-ലെ കേരള മുൻസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങൾ എന്നിവ പ്രകാരമാണ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ ഭൂമി കൈമാറ്റുന്നത്. സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോട് കൂടി മാത്രമേ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് അതിന്റെ ഏതൊരു വസ്തുവും വിൽപ്പന മുഖാന്തിരമോ മറ്റ് വിധത്തിലോ കൈ ഒഴിക്കുന്നതിന് കഴിയുകയുള്ളൂ. എന്നാൽ മറ്റ് വകുപ്പുകൾക്ക് ഭൂമി കൈമാറുന്നത്, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഭൂമി സർക്കാർ ഭൂമിയായി മാറ്റിയ ശേഷം റവന്യൂ വകുപ്പ് മുഖാന്തിരമാണ്. |
| (ബി) | ഭൂമി കൈമാറ്റം സംബന്ധിച്ചുള്ള സേവന വകുപ്പുകളിൽ തദ്ദേശസ്വയംഭരണ വകുപ്പിനെ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ ഉത്തരവുകൾ ലഭ്യമാക്കാമോ? | (ബി) | ഭൂമി കൈമാറ്റം സംബന്ധിച്ചുള്ള സേവന വകുപ്പുകളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഉൾപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ